"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - ജീവനക്കാര്യം - ശ്രീ. തരുൺ കുമാർ വി. ആർ, ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, കൊടുങ്ങല്ലൂർ - ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.623/2026/ID തീയതി,തിരുവനന്തപുരം, 04-06-2026

പരാമർശം:-

1. തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ 14/01/2026-ലെ DICTSR/9/2025-A1 നമ്പർ നടപടിക്രമം
2. ശ്രീ. തരുൺകുമാർ വി.ആർ, ഉപജില്ലാ വ്യവസായ ഓഫീസറുടെ 24/02/2026-ലെ അവധി അപേക്ഷ
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 26/02/2026-ലെ ഡിഐസി/611/2026-ഇഡി3 നമ്പർ കത്ത്

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിൽ കൊടുങ്ങല്ലൂർ താലൂക്ക് വ്യവസായ ഓഫീസിലെ ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. തരുൺകുമാർ വി. ആർ-ന് 12/01/2026 മുതൽ 22/03/2026 വരെ അർദ്ധവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന് തുടർച്ചയായി ആരോഗ്യപരമായ കാരണങ്ങളാൽ 23/03/2026 മുതൽ ഒരു വർഷകാലയളവിലേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം (2) പ്രകാരമുള്ള അപേക്ഷ പരാമർശം (3) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. വ്യവസായ വാണിജ്യ വകുപ്പിൽ കൊടുങ്ങല്ലൂർ താലൂക്ക് വ്യവസായ ഓഫീസിലെ ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. തരുൺകുമാർ വി. ആർ-ന് പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന അർദ്ധവേതനാവധിയ്ക്ക് തുടർച്ചയായി 23.03.2026 മുതൽ ഒരു വർഷത്തേക്ക്, അവധി കാലയളവ് സീനിയോറിറ്റി/ പ്രമോഷൻ, അർദ്ധ വേതന അവധി ആർജ്ജിക്കൽ എന്നിവയ്ക്ക് കണക്കാക്കുന്നതും എന്നാൽ ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി ആർജ്ജിക്കൽ എന്നിവയ്ക്ക് കണക്കാക്കാത്തതുമാണ് എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABU ANTONY K

ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. തരുൺകുമാർ വി. ആർ (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
Date: 11-06-2026 17:10:15

സെക്ഷൻ ഓഫീസർ